"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീമതി. എസ്. ലതയെ കുടുംബശ്രീയിലെ ചീഫ് ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.230/2025/LSGD തീയതി,തിരുവനന്തപുരം, 23-01-2025

---

പരാമർശം:-
1. 10/05/2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28/11/2013-ലെ സ.ഉ.(പി)നം.580/2013/ധന നം. ഉത്തരവ്
3. 25/02/2021-ലെ സ.ഉ.(കൈ)നം.72/2021/തസ്വഭവ
4. 08/01/2024-ലെ സ.ഉ.(സാധാ)നം.52/2024/തസ്വഭവ

**ഉത്തരവ്**

കുടുംബശ്രീ സംസ്ഥാന മിഷനിൽ ചീഫ് ഫിനാൻസ് ഓഫീസർ തസ്തിക സൃഷ്ടിച്ചും ധനകാര്യ വകുപ്പിൽ നിന്നും ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചീഫ് ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നല്കിയും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയും നിലവിൽ കുടുംബശ്രീയിലെ ചീഫ് ഫിനാൻസ് ഓഫീസറായി പരാമർശം (4) പ്രകാരം അന്യത്രസേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീമതി എം. ഗീത എന്നവരെ അന്യത്രസേവന കാലാവധി കഴിയുന്ന മുറയ്ക്ക് മടക്കി അയക്കുന്നതിനു അംഗീകാരം നല്കിക്കൊണ്ടും പകരം ധനവകുപ്പിലെ അഡീഷണൽ സെക്രട്ടറിയായ ശ്രീമതി എസ്.ലതയെ(പെൻ-100471) കുടുംബശ്രീ സംസ്ഥാന മിഷനിൽ ചീഫ് ഫിനാൻസ് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി ഒരു വർഷത്തേക്ക് നിയമിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീമതി എം. ഗീത, അഡിഷണൽ സെക്രട്ടറി (ധനകാര്യ വകുപ്പ് മുഖേന)
ശ്രീമതി എസ്.ലത, അഡീഷണൽ സെക്രട്ടറി (ധനകാര്യ വകുപ്പ് മുഖേന)
പൊതുഭരണ വകുപ്പ് (22/01/2025 തിയതിയിലെ SPL-E2/286/2024-GAD പ്രകാരം)

ധനകാര്യ വകുപ്പ് (09/12/2024 തിയതിയിലെ 1746603/ഭരണം എ2/ 124/2021- ധന പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/367/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 23-01-2025 13:18:22
സെക്ഷൻ ഓഫീസർ